# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നാല് വികസന പദ്ധതികളുടെ കരാറിൽ ഇന്ത്യയും മാർഷൽ ദ്വീപുകളും ഒപ്പു വച്ചു. ഇരു രാജ്യങ്ങൾക്കും സൗഹൃദ ഉഭയകക്ഷി ബന്ധത്തിൻറെ നീണ്ട ചരിത്രമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ.

   **India signs MoU with Marshall Islands to implement four community development projects. External Affairs Minister Dr S Jaishankar said India and the Marshall Islands share a long history of friendly bilateral relations which has expanded over the years.**

2. നേപ്പാൾ പ്രധാനമന്ത്രിയായി കെ പി ശർമ ഒലി നാലാം തവണയും സത്യപ്രതിജ്ഞ ചെയ്തു. അഭിനന്ദനം അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **KP Sharma Oli takes oath as new Prime Minister of Nepal for the fourth time ; Prime Minister Narendra Modi has congratulated Mr KP Sharma Oli on his appointment.**

3. അസം, ഗുജറാത്ത്, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിലെ പ്രളയക്കെടുതികൾ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ വിലയിരുത്തി. എല്ലാ സഹായവും ലഭ്യമാക്കുമെന്ന് കേന്ദ്രത്തിൻറെ ഉറപ്പ്.

   **Home Minister Amit Shah speaks to Chief Ministers of Assam, Gujarat and Uttar Pradesh over flood situation in the states. The Minister assured them to provide all possible assistance from the Centre.**

4. കേരളത്തിൽ വ്യാപക മഴ തുടരും. മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത. ഇടുക്കിയിൽ രാത്രി യാത്രയ്ക്ക് നിരോധനം. കേരള – കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**In Kerala, the Met Department has issued red alert in the districts of Malappuram, Kannur and Kasaragod, indicating the possibility of extremely heavy rain. In Idukki, night travel ban imposed, Fishermen have been advised not to venture into the sea.**

5. **തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് അപകട സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അമിക്കസ്ക്യൂറിയെ നിയോഗിച്ച് ഹൈക്കോടതി.**

**TVM canal mishap: HC assigns amicus curiae to visit the place and directed the submit detailed report.**

## JAISHANKAR MARSHALL ISLANDS

നാല് വികസന പദ്ധതികളുടെ കരാറിൽ ഇന്ത്യയും മാർഷൽ ദ്വീപുകളും ഒപ്പു വച്ചു. സൗഹൃദപരമായ ഉഭയകക്ഷി ബന്ധത്തിന്റെ നീണ്ട ചരിത്ര മാണ് ഇന്ത്യയും മാർഷൽ ദ്വീപുകളും പങ്കിടുന്നതെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പറഞ്ഞു. സുസ്ഥിര വികസനത്തിൽ പെസഫിക് ദ്വീപുരാഷ്ട്രങ്ങളെ പിന്തുണയ്ക്കുന്നത് സ്വന്തം ഉത്തരവാദിത്തമായിയാണ് ഇന്ത്യ കണക്കാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ, ദാരിദ്ര്യ ലഘൂകരണം, ആരോഗ്യ സംരക്ഷണം എന്നിവ ഒരുമിച്ച് അഭിമുഖീകരിക്കേണ്ട വെല്ലുവിളികളാണെന്നും ശ്രീ. എസ് ജയശങ്കർ വ്യക്തമാക്കി.

## AMIT SHAH- FLOOD STATES

അസം, ഗുജറാത്ത്, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിലെ പ്രളയക്കെടുതി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ വിലയിരുത്തി. മൂന്ന് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി അദ്ദേഹം സംവദിച്ചു. പ്രളയക്കെടുതികൾ നേരിടുന്ന തിന് കേന്ദ്ര സർക്കാർ എല്ലാ പിന്തുണയും നൽകുമെന്ന് ശ്രീ അമിത് ഷാ ഉറപ്പുനൽകി.

## JAYANT - WORLD SKILLS DAY

സ്കിൽ ഇന്ത്യ പദ്ധതിയിലൂടെ രാജ്യത്തെ ഒരു കോടി 46 ലക്ഷത്തിലധികം പേർക്ക് നൈപുണ്യ പരിശീലനം നൽകിയതായി കേന്ദ്രമന്ത്രി ജയന്ത്

ചൗധരി. ലോക യുവജന നൈപുണ്യ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നൈപുണ്യ വികസന മന്ത്രാലയം രൂപീകരിച്ചതു മുതലുള്ള നേട്ടങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് ആരംഭിക്കുന്ന പദ്ധതികളിലൂടെ 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കാൻ സാധിക്കുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. സമാധാനവും വികസനവുമാണ് ഈ വർഷത്തെ ലോക യുവജന നൈപുണ്യ ദിനത്തിൻറെ പ്രമേയം.

## KERALA JUDICIARY FUND

കേരളത്തിലെ നീതിന്യായ സംവിധാനത്തിൻറെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി കേരളത്തിന് 15.885 കോടി രൂപ അനുവദിച്ചതായി കേന്ദ്രമന്ത്രി അർജ്ജുൻ റാം മേഘ്-വാൾ. കേന്ദ്ര നിയമ മന്ത്രാലയത്തിൻറെ കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കീഴിലാണ് തുക അനുവദിക്കുന്നതെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

## AMICUSCURIAE

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് അപകടത്തിൽ അമിക്കസ് ക്യൂറിയെ നിയോഗിച്ച് ഹൈക്കോടതി. അപകട സ്ഥലം സന്ദർശിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാനും കോടതി നിർദേശം നൽകി. തിരുവനന്തപുരം നഗരസഭയും, റെയിൽവേയും പരസ്പരം പഴിചാരാനുള്ള സമയമല്ല ഇതെന്നും കോടതി നിരീക്ഷിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങൾ അഴുക്കുചാലുകളിലേക്ക് വലിച്ചെറിയുന്നത് തടയാൻ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് നഗരസഭയ്ക്ക് നിർദേശം നൽകിയ കോടതി, റെയിൽവേയുടെ സ്ഥലത്തുള്ള മാലിന്യങ്ങൾ റെയിൽവേ തന്നെ നീക്കം ചെയ്യണമെന്നും നിർദേശിച്ചു.

## REV. CUET-UG - RETEST

കേന്ദ്ര സർവകലാശാലകളിലെ ഉൾപ്പെടെ ബിരുദ പ്രവേശനത്തിനായുള്ള ക്യുവറ്റ്-യുജി പരീക്ഷയെ സംബന്ധിച്ച് വ്യാപക പരാതി ഉയർന്ന

സാഹചര്യത്തിൽ, വിദ്യാർത്ഥികൾക്കായി വീണ്ടും പരീക്ഷ നടത്തുമെന്ന് ദേശീയ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. ഈ മാസം 19-ന് കമ്പ്യൂട്ടർ അധിഷ്ഠിത രീതിലാണ് പരീക്ഷ വീണ്ടും നടത്തുന്നത്. ഇക്കഴിഞ്ഞ മെയ് മാസത്തിലായിരുന്നു ക്യുവറ്റ്-യുജി പ്രവേശന പരീക്ഷ നടന്നത്. പരീക്ഷാർത്ഥികൾ നേരത്തെ ആവശ്യപ്പെട്ടിരുന്ന ഭാഷയിലല്ല ചോദ്യപേപ്പർ നൽകിയതെന്ന് ചൂണ്ടിക്കാട്ടി നിരവധി വിദ്യാർത്ഥികളാണ് പരാതി നൽകിയത്.

## NEET- SC

നീറ്റ്-യുജി ചോദ്യപ്പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് രാജസ്ഥാൻ ഹൈക്കോടതിക്കു മുന്നിലുള്ള കേസുകൾ സുപ്രീം കോടതിയിലേക്ക് മാറ്റണമെന്ന നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ ഹർജികളിൽ സുപ്രീം കോടതി നോട്ടീസ് അയച്ചു. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് കേസ് പരിഗണിച്ചത്. വിഷയത്തിൽ ഈ മാസം 18ന് വാദം കേൾക്കും. അതേസമയം രാജ്സ്ഥാൻ കോടതിക്ക് മുന്നിലെ നടപടികൾ സ്റ്റേ ചെയ്യണമെന്ന ഹർജി ജസ്റ്റിസ് ജെ ബി പർഡിവാല, മനോജ് മിശ്ര എന്നിവരുൾപ്പെട്ട ബെഞ്ച് തള്ളി.

## KERALA MP MEETING (INTRO)

സംസ്ഥാനത്തിൻറെ ധനകാര്യ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സംയുക്തമായി നിവേദനം നൽകാൻ കേരളത്തിൽ നിന്നുള്ള എംപിമാരുടെ യോഗം തീരുമാനിച്ചു. പാർലമെൻറ് വർഷകാല സമ്മേളനത്തിനു മുന്നോടി യായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്തായിരുന്നു യോഗം.

വിശദാംശങ്ങളിലേക്ക്.......

(ഹോൾഡ് വോയ്സ്)

സംസ്ഥാനത്തിൻ്റെ താൽപര്യം സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടൽ കക്ഷി രാഷ്ട്രീയത്തിനതീതമായി സ്വീകരിക്കുമെന്ന് എം പി മാർ മുഖ്യമന്ത്രിയെ അറിയിച്ചു. കേന്ദ്രപദ്ധതികളുടെ സമയ ബന്ധിതമായ പൂർത്തീകരണ ത്തിനും ഫണ്ട് വിനിയോഗത്തിനും നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി എം പിമാരെ അറിയിച്ചു. സംസ്ഥാനത്തിനുള്ള ഭക്ഷ്യധാന്യ വിഹിതം

വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും. കോഴിക്കോട് കിനാലൂരിൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനുള്ള സമ്മർദം ചെലുത്തും. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള വികസന ത്തിൻ്റെ ഭാഗമായി അന്താഷ്ട്ര വ്യോമയാന റൂട്ട് അനുവദിക്കുന്ന തിന് നടപടികൾ സ്വീകരിക്കും. ഫ്ലൈറ്റുകൾ ക്യാൻസൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിമാന കമ്പനി പ്രതിനിധികളുടെ യോഗം വിളിച്ചു ചേർക്കാനും തീരുമാനിച്ചു. വനം- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കാനാവശ്യമായ ഇടപെടൽ നടത്താനും യോഗം തീരുമാനിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി

## CHINJURANI - MINISTER

കേന്ദ്ര മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിങ്ങ്, സഹമന്ത്രി ജോർജ് കുര്യൻ എന്നിവരുമായി മന്ത്രി ജെ. ചിഞ്ചുറാണി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കേരളത്തിലെ മൃഗസംരക്ഷണ മേഖല നേരിടുന്ന വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. പക്ഷികളെ കൂട്ടത്തോടെ കൊന്നൊടുക്കുമ്പോൾ നൽകേണ്ട നഷ്ട പരിഹാരത്തിലെ കേന്ദ്ര വിഹിതം അടിയന്തരമായി അനുവദിക്കണമെന്ന ആവശ്യം ശ്രീമതി ചിഞ്ചുറാണി ഉന്നയിച്ചു.

## DAY NEPAL OATH

നേപ്പാൾ പ്രധാനമന്ത്രിയായി കെ പി ശർമ ഒലി നാലാം തവണയും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പ്രസിഡൻറ് രാമചന്ദ്ര പൗഡേൽ സത്യവാകം ചൊല്ലിക്കൊടുത്തു. പുതുതായി ചുമതലയേറ്റ 21 മന്ത്രിമാർക്കും പ്രസിഡൻറ് സത്യവാചകം ചൊല്ലിക്കൊടുത്തു. എൻസി, യുഎംഎൽ, ജനതാ സമാജ്ബാദി പാർട്ടി, ലോക് താൻത്രിക് സമാജ്ബാദി പാർട്ടി എന്നിവ ഉൾപ്പെട്ടതാണ് ശർമ്മ ഒലിയുടെ മന്ത്രിസഭ. നേപാളി കോൺഗ്രസ് നേതാവ് പ്രകാശ് മൻ സിങ്ങും സിപിഎൻ- യുഎംഎല്ലിലെ ബിഷ്ണു പ്രസാദ് പൗഡേലും ഉപമുഖ്യമന്ത്രിമാരാകും. നേപ്പാൾ പ്രധാനമന്ത്രിയായി ചുമത്തല യേറ്റ കെ പി ശർമ ഒലിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.

## REV IMD RAIN

ഉത്തരാഖണ്ഡ്, കിഴക്കൻ ഉത്തർപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഉത്തർപ്രദേശിൻറെ മറ്റ് ഭാഗങ്ങളിലും ഹരിയാന, ഡൽഹി എന്നിവിടങ്ങളിലും സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുണ്ട്. കൊങ്കൺ, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത്, കർണാടകയുടെ തീരപ്രദേശങ്ങൾ എന്നിവിട ങ്ങളിൽ അടുത്ത 5 ദിവസം അതിശക്തമായ മഴ ലഭിക്കുമെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

## RAIN ALERT

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്ത് വ്യാപകമഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത യാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മത്സ്യ ബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. ഇടുക്കി ജില്ലയിൽ മഴയുടെ പശ്ചാത്തലത്തിൽ ജില്ലാ കളക്ടർ രാത്രിയാത്രാ നിരോധനം ഏർപ്പെടുത്തി. കല്ലാർകുട്ടി ഡാമിൻറെ ഷട്ടർ തുറന്നതിനാൽ മുതിരപ്പുഴ, പെരിയാർ നദികളിൽ ജലനിരപ്പ് ഉയരും. പാംബ്ല ഡാമിൻറെ ഷട്ടറും ഇന്ന് വൈകുന്നേരം ഏഴ് മണിയോടെ തുറക്കും.

## WPI INFLATION

രാജ്യത്തെ മൊത്തവില പണപ്പെരുപ്പത്തിൽ തുടർച്ചയായ നാലാം തവണയും വർധന. പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ വില വർധനയുടെ പശ്ചാത്തലത്തിൽ മൊത്തവില പണപ്പെരുപ്പം ജൂണിൽ 3.36 ശതമാനമായി ഉയർന്നു. മേയിൽ ഇത് 2.61 ശതമാനമായിരുന്നു. കഴിഞ്ഞ വർഷം ജൂണിൽ മൈനസ് 4.18 ആയിരുന്നു മൊത്തവില പണപ്പെരുപ്പം. ഭക്ഷ്യവില പണപ്പെരുപ്പം ജൂണിൽ 10.87 ശതമാനമായതായി കണക്കുകൾ സൂചിപ്പിക്കുന്നു. മേയിൽ 9.82 ശതമാനമായിരുന്നു ഭക്ഷ്യവില പണപ്പെരുപ്പം.

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 145 പോയിൻറ് ഉയർന്ന് 80,665ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 84 പോയിൻറ് ഉയർന്ന് 24,587ലും വ്യാപാരം അവസാനിപ്പിച്ചു.

## COAL MINING

പുതുതായി ലേലം ചെയ്ത മൂന്ന് കൽക്കരി ഖനികളുടെ ഖനന വികസന, ഉൽപാദന കരാറുകളിൽ കൽക്കരി മന്ത്രാലയം ഇന്ന് ഒപ്പുവെച്ചു. NLC ഇന്ത്യ ലിമിറ്റഡ്, ഗുജറാത്ത് മിനറൽ ഡെവലപ്മെൻ്റ് കോർപ്പറേഷൻ ലിമിറ്റഡ്, തമിഴ്നാട് ജനറേഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവയാണ് ലേലത്തിൽ ഖനികൾ സ്വന്തമാക്കിയത്. ഏകദേശം 3,000 കോടി രൂപയാണ് ഈ മൂന്ന് ഖനികളിൽ നിന്നും ലേലത്തിലൂടെ ലഭിക്കുന്ന വാർഷിക വരുമാനം. പ്രവർത്തന സജ്ജമാകുന്ന തോടെ, ഈ ഖനികൾ 40,000-ത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## BANGLA-TEESTA PROJECT

തീസ്ത പദ്ധതി ഇന്ത്യ നടപ്പിലാക്കണമെന്ന് ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന. ചൈന ചില നിർദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും തീസ്ത പദ്ധതിയെക്കുറിച്ച് സാധ്യതാ പഠനം നടത്തുകയും ചെയ്തു. ഇന്ത്യയും സാധ്യതാ പഠനം നടത്തി നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്നും പദ്ധതിക്ക് ഇന്ത്യ തയ്യാറാകണമെന്നാണ് ആഗ്രഹിക്കുന്നതെന്നും ബംഗ്ലാദേശ് പ്രധാന മന്ത്രി ധാക്കയിൽ വ്യക്തമാക്കി. തീസ്ത നദിയിലെ ജലം ഇന്ത്യയുടെ കൈവശ മായതിനാൽ, പദ്ധതി ഏറ്റെടുത്ത് മുന്നോട്ടു പോകുക യാണെങ്കിൽ ഇന്ത്യക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകുമെന്ന് ഷെയ്ഖ് ഹസീന ഉറപ്പുനൽകി.